പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

04.07.2019-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.6147

# മത്തിയുടെ ലഭ്യതയിൽ കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, കെ.എം.ഷാജി<br>,, അബ്ദുൽ ഹമീദ് പി.<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സാധാരണക്കാർ കൂടുതലായി ഉപയോഗിക്കുന്ന മത്സ്യമായ മത്തിയുടെ ലഭ്യതയിൽ കുറവ് സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | മത്തിയുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. 2017-ൽ മത്തിയുടെ ഉൽപാദനം 1,26,988 ടണ്ണായിരുന്നത് 2018-ൽ 77,000 ടണ്ണായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | ഇതിന്റെ കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കഴിഞ്ഞ വർഷങ്ങളിൽ പിടിച്ചെടുക്കാവുന്ന പരിധിയിൽ നിന്നും അധികമായി പിടിച്ചെടുത്തതും, കാലാവസ്ഥ വ്യതിയാനങ്ങൾ, ആഹാരത്തിന്റെ ലഭ്യത കുറവ്, വളർച്ച എത്തും മുന്നേ പിടിച്ചെടുക്കൽ എന്നിവയും ഓരോ 10 വർഷം കൂടുമ്പോൾ ഈ ഉപരിതല മത്സ്യത്തിനുണ്ടാവുന്ന സ്വാഭാവിക പരിണാമങ്ങളുമൊക്കെ മത്തിയുടെ ലഭ്യതയിൽ കുറവ് വരാനുള്ള പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത് |
| (സി) | വരുംവർഷങ്ങളിൽ കേരള സമുദ്രതീരത്ത് മത്തിയുടെ ലഭ്യത കുറയുമെന്ന കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | സി.എം.എഫ്.ആർ.ഐ യുടെ പഠന റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ 58 മത്സ്യഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതിനാൽ മത്തിയുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം 10 സെ.മീ. ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധനയാനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കെ.എം.എഫ്.ആർ ആക്റ്റിൽ വരുത്തിയ ഭേദഗതിക്ക് ശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമ ലംഘനം നടത്തുന്ന യാനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. കെ.എം.എഫ്.ആർ ആക്ട് പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾക്കുള്ള പിഴ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 2018 നവംബർ 10,11 തീയതികളിൽ എറണാകുളം സി.എം.എഫ്.ആർ.ഐ യിൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ എം.എൽ.എസ്. നടപ്പിലാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ എല്ലാം തന്നെ സി.എം.എഫ്.ആർ.ഐ യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിക്കാമെന്ന് എം.എൽ.എസ്. നടപ്പിലാക്കാമെന്നും ധാരണയാകുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രധാന വലകളുടെയും ആകെ വലിപ്പവും ഏറ്റവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**